# പരിയാരം ഗ്രാമ പഞ്ചായത്ത് കാര്യാലയം

**ചിതപ്പിലെ പൊയിൽ(പി.ഒ),കണ്ണൂർ-670502**

**ഫോൺ:0460-2203262**

**ഇ.മെയിൽ ഐഡി :pariyaramgpt@gmail.com**


---

<u>ഭരണ ഭാഷ -മാതൃ ഭാഷ</u>

എസ്.സി.1/6161/23 തീയ്യതി: 15.11.2023

പ്രേഷിതൻ

സെക്രട്ടറി

പരിയാരം ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ

സിറ്റിസൺ അസിസ്റ്റന്റ്, താലൂക്ക്തല സ്ഥിരം അദാലത്ത് സമിതി.

സർ,

വിഷയം: താലൂക്ക്തല സ്ഥിരം അദാലത്ത് സമിതി –മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 30.10.2023 ലെ അദാലത്ത് സമിതിയുടെ തീരുമാനം.

30.10.23 ലെ താലൂക്ക്തല സ്ഥിരം അദാലത്ത് സമിതിയുടെ തീരുമാനപ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിനോട് നടപടിയെടുക്കാൻ ആവശ്യപ്പെട്ട 5 പരാതികൾ സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

1) ശ്രീമതി. ഷർമിള പി.വി. (ക്രമ നമ്പർ 18) എന്നവർ വിവാഹരജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് സമർപ്പിച്ച അപേക്ഷയിൽ 9 വിവരങ്ങളാണ് തിരുത്താൻ ആവശ്യപ്പെട്ടിരുന്നത്. അതിൽ 5 വിവരങ്ങൾ തിരുത്തിയിട്ടുണ്ട്. തൊഴിൽ, മേൽവിലാസം എന്നിവ തിരുത്തുന്നതിന് വിവാഹസമയത്തുള്ളതും പ്രസ്തുത വിവരങ്ങൾ തെളിയിക്കുന്നതുമായ രേഖകളൊന്നും ഹാജരാക്കിയിട്ടുണ്ടായിരുന്നില്ല. ആയത് തിരുത്തുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് അപേക്ഷകന് രേഖാമൂലം നിർദ്ദേശം നല്കിയിട്ടുണ്ട്. കത്തിന്റെ കോപ്പി സമർപ്പിക്കുന്നു.

2) ശ്രീമതി. സാവിത്രി കെ. (ക്രമ നമ്പർ 19) കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് സമർപ്പിച്ച അപേക്ഷയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 22(2), 22(5) പ്രകാരം അപേക്ഷ സമർപ്പിക്കാൻ വൈകിയതിനാൽ 500 രൂപ പിഴ ചുമത്തിയിട്ടുണ്ട്. പിഴ അടക്കുന്നമുറക്ക് ഉടമസ്ഥാവകാശം മാറ്റി നല്കുന്നതാണ്. ഒിവരം അപേക്ഷകയെ രേഖാമുലം അറിയിച്ചിട്ടുണ്ട്. കോപ്പി ഉള്ളടക്കം ചെയ്യുന്നു.

3) ശ്രീ.മുഹമ്മദ് അജ്മൽ (ക്രമ നമ്പർ 20) വിവാഹരജിസ്ട്രേഷന് , സമർപ്പിച്ച അപേക്ഷയിൽ സാക്ഷികളുടെ ഏതെങ്കിലും തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്നതിന് അപേക്ഷകന് രേഖാമുലം അറിയിപ്പ് നല്കിയിട്ടുണ്ട്. കോപ്പി ഉള്ളടക്കം ചെയ്യുന്നു. രേഖകൾ ഹാജരാക്കുന്ന മുറക്ക് രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

4) ഇൻഡസ് ടവേഴ്സിന് ( ക്രമനമ്പർ 21) നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. വസ്തുനികുതി അടക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അയച്ചുകൊടുത്തിട്ടുണ്ട്.

5) ശ്രീ.മൊയ്തീൻ പി.വി. (ക്രമനമ്പർ 22) എന്നവർ ട്രേഡ് ലൈസൻസ് പുതുക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ മോട്ടോർ റണ്ണിംഗ് ഫീസ് അടവാക്കിയിട്ടില്ല. ഇക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഫീസ് അടക്കുന്നമുറക്ക് ലൈസൻസ് പുതുക്കി നല്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ

Secretary
Pariyaram Grama Panchayath
C. Poyil P.O.
Mob: 949604904?

നമ്പർ.401040/CRCM16/GPO/2023/5588/(2)

പരിയാരം ഗ്രാമ പഞ്ചായത്ത് ആഫീസ്
പരിയാരം
ചിതപ്പിലെപൊയിൽ.പി.ഓ
കണ്ണൂർ
Phone No:04602203262

തീയതി.:- 15/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ MUHAMMED LABEEB K P / SHARMILA PV
PULLU VALAPPIL, PANANGATTOOR, KUTTIYERI, 4, Kuttiyeri, 670142, Kannur, Kerala

സർ,

വിഷയം:- വിവാഹ രജിസ്ട്രേഷൻ (പൊതു),പൊതു വിവാഹ രജിസ്ട്രേഷൻ - ക്ലറിക്കൽ തെറ്റുകൾ തിരുത്തൽ

പരിയാരം ഗ്രാമ പഞ്ചായത്തിൽ 23/10/2022 ന് 3743/2022 നമ്പറായി വിവാഹ രജിസ്ട്രേഷൻ (പൊതു),പൊതു വിവാഹ രജിസ്ട്രേഷൻ - ക്ലറിക്കൽ തെറ്റുകൾ തിരുത്തലിനു വേണ്ടി താങ്കൾ നൽകിയ അപേക്ഷയിൽ ഭർത്താവിൻറെ പേര്,ഭർത്താവിൻറെ പിതാവിൻറെ /രക്ഷകർത്താവിൻറെ പേര്, ഭർത്താവിൻറെ മാതാവിൻറെ പേര്, ഭാര്യയുടെ പിതാവ്/രക്ഷകർത്താവിൻറെ പേര്, ഭാര്യയുടെ മാതാവിൻറെ പേര് എന്നിവ തിരുത്തിയിട്ടുണ്ട്.

ഭർത്താവിൻറെ വിവാഹ സമയത്തെ തൊഴിലാണ് വിവാഹ രേഖകളിൽ ഉൾപ്പെടുക എന്നതിനാൽ മതിയായ രേഖകളില്ലാതെ ആയത് തിരുത്താൻ സാധിക്കില്ല.

ഭാര്യയുടെ മേൽ വിലാസം,ഭാര്യയുടെ പിതാവിൻറെ /രക്ഷകർത്താവിൻറെ മേൽ വിലാസം,ഭാര്യയുടെ മാതാവിൻറെ മേൽ വിലാസം എന്നിവ തിരുത്തുന്നതിന് വിവാഹ സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ ഹാജരാക്കുവാൻ അറിയിക്കുന്നു.

ഭരണഭാഷ-മാതൃഭാഷ

നമ്പർ.401040/PTRE24/GPO/2022/4830/(3)

പരിയാരം ഗ്രാമ പഞ്ചായത്ത് ആഫീസ്

പരിയാരം
ചിതപ്പിലെപൊയിൽ.പി:ഓ
കണ്ണൂർ
Phone No:04602203262

തീയതി : 14/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീമതി SAVITHRI K
KUPPATHI HOUSE, C POYIL, PARIYARAM, 13, Chithappilepoyil , 670502, Kannur, Kerala

സർ,

വിഷയം:- വസ്തുനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ,കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം മാറ്റി നൽകൽ (കൈമാറ്റം)- സംയുക്ത അപേക്ഷ/ കൈമാറിക്കിട്ടിയയാളുടെ അപേക്ഷയോടൊപ്പം സമ്മതപത്രം ഹാജരാക്കുന്നവ

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 22(2),22(5)ചട്ടങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കാൻ വൈകിയതിനാൽ താങ്കൾക്ക് 500 രൂപ പിഴ ചുമത്തിയിട്ടുണ്ട്. ടി തുക അടക്കുന്ന മുറക്ക് ഉടമസ്ഥാവകാശം മാറ്റി നൽകുന്നതാണ്. തുക പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പണമായി അടക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എം വി ചന്ദ്രൻ

സെക്രട്ടറി

Signature Not Verified
Digitally signed by CHANDRAN MANNIAN VEEDU
Date: 2023.11.14 16:56:16 IST
Reason: ILGMS Govt. of Kerala

ഭരണഭാഷ-മാതൃഭാഷ

നമ്പർ.401040/CRCM02/GPO/2023/543/(2)

പരിയാരം ഗ്രാമ പഞ്ചായത്ത് ആഫീസ്

പരിയാരം
ചിതപ്പിലെപൊയിൽ.പി.ഓ
കണ്ണൂർ
Phone No:04602203262

തീയതി : 14/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ MUHAMMED AJMAL PANIKKARAKATH PARAKKADAVATH
P P HOUSE, ATHIRIYAD, POOMANGALAM, 3, Panniyoor, 670142, Kannur, Kerala

സർ,

വിഷയം:- വിവാഹ രജിസ്ട്രേഷൻ (പൊതു),പൊതു വിവാഹം - 45 ദിവസത്തിനു ശേഷം 5 വർഷത്തിനുള്ളിലുള്ള റിപ്പോർട്ട്

പരിയാരം ഗ്രാമ പഞ്ചായത്തിൽ 03/02/2023 ന് 543/2023 നമ്പറായി വിവാഹ രജിസ്ട്രേഷനു വേണ്ടി താങ്കൾ നൽകിയ അപേക്ഷയിൽ 2 സാക്ഷികളുടെ തിരിച്ചറിയൽ രേഖ ഹാജരാക്കിയിട്ടില്ല. ആയതിനാൽ സാക്ഷികളുടെ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ ഹാജരാക്കുന്ന പക്ഷം രജിസ്ട്രേഷൻ നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

എം വി ചന്ദ്രൻ
സെക്രട്ടറി

Signature Not Verified
Digitally signed by CHANDRAN MANNIAN VEEDU
Date: 2023.11.14 16:55:35 IST
Reason: ILGMS Govt. of Kerala

ഫാറം 9

ചട്ടം 14(1) കാണുക

# പരിയാരം ഗ്രാമ പഞ്ചായത്ത്

## ഡിമാന്റ് നോട്ടീസ്

**നമ്പർ:** SC2/3599/2022 **തീയതി:** 15-11-2023

**2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം വസ്തു നികുതി ഒടുക്കുന്നതിനു ആവശ്യപ്പെടുന്ന നോട്ടീസ്**

| | |
|---|---|
| **കെട്ടിട ഉടമയുടെ പേര് / വീട്ടുപേര്** | **ഇൻഡസ് ടവർ ലിമിറ്റഡ്(ഇൻഡസ് ടവർ ലിമിറ്റഡ് 8 ആം നില വൻ കരത്ത് ടവർ)** |
| **വാർഡ് വർഷം/വാർഡ് നമ്പർ** | **(2013) 15 – പരിയാരം** |
| **കെടിടത്തിന്റെ നമ്പർ / സബ് നമ്പർ** | 570 \| A |

| നികുതി ചുമത്തിയ കാലയളവ് | ഡിമാന്റ് നമ്പർ | വസ്തുനികുതി(രൂപ) | ഗ്രന്ഥശാല വരി(രൂപ) | സേവന ഉപനികുതി(രൂപ) | സർചാർജ്(രൂപ) | ആകെ (രൂപ) (3+4+5+6) | അർദ്ധവാർഷിക ഗഡു(രൂപ) | ഏതെല്ലാം അർദ്ധവർഷത്തേക്ക് | അർദ്ധവാർഷിക ഗഡു പിഴ കൂടാതെ ഒടുക്കേണ്ട അവസാന തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 2023-2024 | | 12858 | 643 | 0 | 0 | 13501 | 13501 | I | 30-9-2023 | |
| 2023-2024 | | 12858 | 643 | 0 | 0 | 13501 | 13501 | II | 31-3-2024 | |
| **ആകെ നികുതി തുക** | | | | | | | 27002 | | | |
| **ആകെ പിഴ പലിശ** | | | | | | | 515 | | | |
| **ആകെ ഒടുക്കേണ്ട തുക** | | | | | | | 27517 | | | |

**മേൽ വിവരിച്ച വാർഷിക / അർദ്ധവാർഷിക നികുതി നിശ്ചിത തീയതിക്കകം ഒടുക്കി രസീത് വങ്ങേണ്ടതും , അപ്രകാരം ഒടുക്കുന്നതിനു വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്ക് , 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം നോട്ടീസ് പടിയും ,നോട്ടീസ് രജിസ്റ്റർഡ് പോസ്റ്റ് മുഖേന നടത്തേണ്ടി വരുന്നപക്ഷം അതിനുള്ള ചെലവും അടക്കണമെന്നവശ്യപ്പെട്ട് ഡിമാന്റ് നോട്ടീസ് അയക്കുന്നതും ,നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം നികുതിയും , നോട്ടീസ് പടിയും രജിസ് ട്രേഷൻ ചാർജ് ഈടാക്കനുണ്ടെങ്കിൽ അതുംകൂടി ഒടുക്കാതിരിക്കുകയോ അപ്രകാരം ഒടുക്കാതിരിക്കുന്നതിനു സെക്രട്ടറിക്ക് ബോധ്യമാവത്തക്കവണ്ണമുള്ള കാരണം കാണിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ചട്ടം 15 പ്രകാര താങ്കളുടെ ജംഗമവസ്തുക്കൾ ലേലം ചെയ്ത് നികുതി ,നോട്ടീസ് പടി, രജിസ് ട്രേഷൻ ചാർജ് ,വാറന്റ് പടി എന്നിവ ഈടാക്കുന്നതും ഏതെങ്കിലും കാരണവശാൽ ജപ്തി പ്രായോഗികമല്ലെന്നോ മുഴുവൻ തുകയ്ക്കും പര്യപ്തമല്ലെന്നോ തോന്നുന്നപക്ഷം താങ്കളെ പ്രൊസിക്യൂട്ട് ചെയ്യുന്നതുമാണ്**

**15/11/2023 11:11:05** **സെക്രട്ടറി**

ഈ നോട്ടീസിലെ അസസ് മെന്റ് വിവരങ്ങൾ ഡിജിറ്റലായി സൈൻ ചെയ്യപ്പെട്ടിട്ടുള്ളതാണ്.
CHANDRAN M V,Secretary,14/11/2023 16:17:27:1 )

**01/04/2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ ഈ നോട്ടീസിൽ കാണിച്ചിട്ടുള്ള നികുതി തുകയിൽ വ്യത്യാസം വരാവുന്നതാണ്.**

വസ്തു നികുതി ഓൺലൈനായി https://tax.lsgkerala.gov.in വഴി അടവാക്കാവുന്നതാണ്.

നമ്പർ.401040/RPTL20/GPO/2023/1542/(1)

പരിയാരം ഗ്രാമ പഞ്ചായത്ത് ആഫീസ്
പരിയാരം
ചിതപ്പിലെപൊയിൽ.പി.ഓ
കണ്ണൂർ
Phone No:04602203262

തീയതി : 14/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ MOIDEEN KUTTY P P
പള്ളക്കൻ ഹൌസ്, പുഷ്പഗിരി , തളിപ്പറമ്പ ,9744798999

സർ,

വിഷയം:- ഫാക്ടറികൾ ,വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ - ലൈസൻസ് അനുവദിക്കൽ,ലൈസൻസ് പുതുക്കൽ

സൂചന : 23/3/23ലെ ലൈസൻസിനു വേണ്ടിയുള്ള 1542/23 നമ്പർ അപേക്ഷ

മേൽ സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിൽ താഴെ പറയും പ്രകാരമുള്ള ഫീസ് ഈ കത്ത് കിട്ടി 7 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ അടവാക്കണമെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. ഗ്രാമപഞ്ചായത്തിൻറെ ഫ്രണ്ട് ഓഫീസിൽ പ്രവൃത്തിദിവസങ്ങളിൽ വൈകുന്നേരം 3 മണിവരെ തുക അടവാക്കാവുന്നതാണ് .

മോട്ടോർ റണ്ണിംഗ് ഫീ - 200 /- രൂപ

വിശ്വസ്തതയോടെ,

എം വി ചന്ദ്രൻ

സെക്രട്ടറി

Signature Not Verified
Digitally signed by CHANDRAN MANNIAN VEEDU
Date: 2023.11.14 17:09:09 IST
Reason: ILGMS Govt. of Kerala